# പതിനാലാം കേരള നിയമസഭ
# പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.* 160** **11/02/2020-ൽ മറുപടിക്ക്**

## ഡിജിറ്റൽ സർവകലാശാല

**ചോദ്യം**

**ശ്രീ. മോൻസ് ജോസഫ്**
**,, പി.ജെ.ജോസഫ്**
**,, സി.എഫ്.തോമസ്**

**മറുപടി**

**പിണറായി വിജയൻ**
**(മുഖ്യമന്ത്രി)**

| | | | |
|---|---|---|---|
| എ) | ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആൻഡ് മാനേജ്മെൻറ് കേരള ഡിജിറ്റൽ സർവകലാശാലയാക്കി മാറ്റുന്നതിലൂടെ ലക്ഷ്യമിടുന്ന പ്രവർത്തന സ്വാതന്ത്ര്യവും രാജ്യാന്തര സഹകരണവും വ്യക്തമാക്കാമോ; | എ) | ഇൻഫർമേഷൻ ടെക്നോളജിയിൽ വ്യവസായവും ഡിജിറ്റൽ സാങ്കേതികവിദ്യയും വികസിപ്പിക്കാൻ സ്വീകരിച്ചു പോരുന്ന നടപടികളുടെ തുടർച്ചയാണ് ഡിജിറ്റൽ സർവകലാശാല രൂപീകരണം. ഗുണ നിലവാരമുള്ള മാനവശക്തി വികസിപ്പിക്കുക, വിദ്യാഭ്യാസം, ഗവേഷണം എന്നിവയിൽ മികവ് പുലർത്തുക, വ്യവസായങ്ങളുമായുള്ള ബന്ധവും സഹകരണവും ശക്തമാക്കുക അക്കാദമിക് രംഗത്ത് അന്താരാഷ്ട്ര സ്ഥാപനങ്ങളുമായി സഹകരിക്കുക എന്നിവ ഡിജിറ്റൽ സർവ്വകലാശാല ലക്ഷ്യം വെയ്ക്കുന്നു. |
| ബി) | ഈ സർവ്വകലാശാലയുടെ ലക്ഷ്യങ്ങൾ വ്യക്തമാക്കാമോ; ഈ സർവ്വകലാശാല സ്ഥാപിക്കുന്നത് എവിടെയാണെന്ന് അറിയിക്കാമോ; | ബി) | ഡിജിറ്റൽ സർവ്വകലാശാലയുടെ പ്രധാന ലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്.<br><br>1. അതിനൂതന ഡിജിറ്റൽ സാങ്കേതിക വിദ്യാമേഖലകളുടെ ബിരുദാനന്തര വിദ്യാഭ്യാസവും ഗവേഷണവും.<br>2. വിദ്യാഭ്യാസം ഗവേഷണം എന്നിവയിൽ മികവ് പുലർത്താനും ആഗോള തലത്തിലുള്ള വ്യവസായങ്ങളുമായുള്ള ബന്ധവും സഹകരണവും ശക്തമാക്കാനും അക്കാദമിക് രംഗത്ത് അന്താരാഷ്ട്ര സ്ഥാപനങ്ങളുമായി സഹകരിച്ച് പ്രവർത്തിക്കുക.<br>3. ഗവേഷണത്തിലൂടെ അതിനൂതന സാങ്കേതിക വിദ്യകൾ വികസിപ്പിച്ച് |

| | | | |
|---|---|---|---|
| | | | വിവരസാങ്കേതിക രംഗത്തെ വ്യവസായങ്ങൾക്ക് നല്കുക.<br>4. അതിനൂതന സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തിയുള്ള സംരംഭകത്വം പ്രോത്സാഹിപ്പിക്കുക അഥവാ പുതിയ സംരംഭങ്ങൾ തുടങ്ങാനുള്ള അവസരങ്ങൾ ഒരുക്കുക.<br>5. നിലവിൽ ഗവേഷണ കേന്ദ്രങ്ങളില്ലാത്ത സർവ്വകലാശാലകൾ / ഇൻസ്റ്റിറ്റ്യൂട്ടുകളുടെ ഗവേഷണ പ്രവർത്തനങ്ങൾക്ക് അവസരം നല്കുക.<br>6. വിവരസാങ്കേതിക രംഗത്ത് ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.<br>7. സർക്കാർ തലത്തിലും മറ്റു മേഖലകളിലും ഡിജിറ്റലൈസേഷൻ നടപ്പിലാക്കാൻ വേണ്ട ഒത്താശ ചെയ്യുക.<br>8. വിവരസാങ്കേതിക രംഗത്ത് വേണ്ട പുതിയ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കുക.<br><br>ഡിജിറ്റൽ സർവ്വകലാശാല തിരുവനന്തപുരത്ത് ടെക്നോസിറ്റിയിലാണ് സ്ഥാപിക്കുന്നത്. |
| സി) | ഈ സർവ്വകലാശാലയുടെ അധികാരം വിദ്യാർത്ഥി സമൂഹത്തെ എത്തരത്തിൽ ബാധിക്കും എന്നറിയിക്കാമോ; ഏതെല്ലാം മേഖലകളിലാണ് ഇവിടെ കോഴ്സുകളും ഗവേഷണവും നടക്കുന്നത് എന്നറിയിക്കാമോ; മറ്റ് സർവ്വകലാശാലകളിലെ അധ്യാപകരെ ഇവിടെ നിയമിക്കുമോ; വിശദമാക്കാമോ? | സി) | ഡിജിറ്റൽ സർവ്വകലാശാലയിൽ അതിനൂതന വിവരസാങ്കേതികവിദ്യ അടിസ്ഥാനമാക്കിയുള്ള ബിരുദാനന്തര ബിരുദ വിദ്യാഭ്യാസവും ഗവേഷണ സൗകര്യങ്ങളും ഒരുക്കുന്നുണ്ട്. ഇത് വിദ്യാർത്ഥി സമൂഹത്തിന് പ്രയോജനപ്പെടുന്നതായിരിക്കും. നിലവിൽ വിദേശ രാജ്യങ്ങളെ ആശ്രയിക്കേണ്ടി വരുന്ന പ്രവണത മാറി നമ്മുടെ രാജ്യത്തു തന്നെ അന്തർദ്ദേശീയ നിലവാരത്തിലുള്ള പഠന സൗകര്യം ലഭ്യമാക്കുന്നതായിരിക്കും. കൂടാതെ വിദേശ രാജ്യങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികളെയും ഗവേഷകരെയും ഈ സർവ്വകലാശാലയിലേക്ക് ആകർഷിക്കാനും സാധിക്കും.<br><br>താഴെപ്പറയുന്ന മേഖലകളിലെ കോഴ്സുകളും ഗവേഷണങ്ങളുമാണ് ഉദ്ദേശിക്കുന്നത്. |

| | | | |
|---|---|---|---|
| | | | 1. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്<br>2. ഡാറ്റാ അനലിറ്റിക്സ്<br>3. ബ്ലോക് ചെയിൻ<br>4. കോഗ്നിറ്റീവ് സയൻസ്<br>5. ഇന്റർനെറ്റ് ഓഫ് തിംഗ്സ്<br>6. ഓഗ്മെൻഡസ് റിയാലിറ്റി<br>7. ക്വാണ്ടം കമ്പ്യൂട്ടിംഗ്<br>8. റോബോട്ടിക്സ്<br>9. പുതിയ ഗവേഷണ ഫലങ്ങൾ അടിസ്ഥാനമാക്കിയുള്ള പഠന ശിഖരങ്ങളും പരിശീലന പദ്ധതികളും.<br><br>മറ്റ് സർവ്വകലാശാലകളിലെ അതിനൂതന വിവരസാങ്കേതിക രംഗത്ത് പ്രവർത്തിക്കുന്ന അതിവിദഗ്ധരായ അദ്ധ്യാപകരെയും ഡിജിറ്റൽ സർവ്വകലാശാലയിൽ അദ്ധ്യാപകരെ നിയമിക്കുന്ന അവസരത്തിൽ പരിഗണിക്കാ-വുന്നതാണ്. |

**സെക്ഷൻ ഓഫീസർ**